പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7378 — 14.7.2014-ൽ മറുപടിക്ക്

## ആലപ്പുഴ നഗരസഭയിലെ ഖരമാലിന്യ സംസ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നഗരസഭകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | നഗരസഭകളിലെ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേയ്ക്കായി നിലവിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് ഇല്ലാത്ത നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കുന്നതിനും പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന നഗരസഭകൾക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും നൽകി വരുന്നു. കൂടാതെ കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റുകളിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കുന്നതിലേക്കായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്. നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി എന്നീ മുനിസിപ്പൽ കോർപ്പറേഷനുളിലും യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിൻ കീഴിൽ 10 മുനിസിപ്പാലിറ്റി കളിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ആലപ്പുഴ നഗരസഭയിൽ ഖരമാലിന്യം സംസ്കരിക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ആലപ്പുഴ നഗരസഭയിൽ ഖരമാലിന്യം സംസ്കരിക്കുന്നതിലേയ്ക്കായി നഗരസഭ തയ്യാറാക്കി സമർപ്പിച്ച 2,98,80,000/- രൂപ അടങ്കൽ വരുന്ന ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 1,05,13,200/- രൂപയുടെ സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിൽ 'നിർമ്മല നഗരം നിർമ്മല ഭവനം' എന്ന പദ്ധതി പ്രകാരം 3,91,50,000/- രൂപ അടങ്കൽ വരുന്ന മാലിന്യ സംസ്ക്കരണ പദ്ധതിക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി നാളിതു വരെ 42,11,250/- രൂപയും കൈമാറിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കാനും വികേന്ദ്രികൃത മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കാനും നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ